(ബി) നിവേദനത്തിൽ പറയുന്ന കളിക്കടവിന്റെ ആവശ്യത്തെപ്പറ്റി അന്വേഷണം നടത്തി, കളിക്കടവ് ആവശ്യമാണെന്നും, ആയതിന് 15,000 രൂപ ചെലവു വരുമെന്നും കണ്ടിട്ടുണ്ട്. പഞ്ചായത്താക്ട് 43-ാം വകുപ്പ് (ഡി) ഉപവകുപ്പിൻപ്രകാരം ഈ മാതിരി കാര്യങ്ങൾ പഞ്ചായത്തുകൾ തന്നെ ചെയ്യേണ്ടതാണ്. ചെറുതുരുത്തി പഞ്ചായത്തിന് അതിനുള്ള ശേഷിയില്ല. അതുകൊണ്ട് വേണമെങ്കിൽ പഞ്ചായത്തിന് ഈ ജോലി ലോക്കൽ ഡവലപ്പ്മെന്റ് സ്കീമിൽപ്പെടുത്താവുന്നതാണ്.

(സി) ബി-ക്കുള്ള ഉത്തരം നോക്കുക.

കാർഷികവായ്പകൾ.

66. [26] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികവായ്പകൾക്ക് അപേക്ഷിക്കുന്നവർ ജാമ്യവസ്തുവിന്മേൽ മുൻബാദ്ധ്യതകളില്ലെന്ന് കാണിച്ചുള്ള രജിസ്റ്റർ കച്ചേരിയിൽ നിന്നുള്ള സർട്ടിഫിക്കറും, എല്ലാ മുൻപ്രമാണങ്ങളും ഹാജരാക്കണമെന്ന വ്യവസ്ഥയുണ്ടോ; മേൽപ്പറഞ്ഞ രണ്ടും വേണമെന്ന നിർബന്ധത്തിനു അയവു വരുത്താൻ ദയവുണ്ടാകുമോ; ഏതെങ്കിലുമൊന്നു മതിയെന്നു ഭേദഗതി ചെയ്യുമോ;

(ബി) ആവശ്യപ്പെടുന്ന തുകയുടെ രണ്ടരശതമാനത്തിനു തുല്യമായി വിലയുള്ള സ്റ്റാമ്പുകൾ അപേക്ഷയിന്മേൽ ഒട്ടിക്കണമെന്ന് വ്യവസ്ഥയുണ്ടോ; സാധു കൃഷിക്കാർക്ക് ദുർവ്വഹമായ ഒരു ചിലവാണതെന്നുകണ്ട് സ്റ്റാമ്പിന്റെ വിലയിൽ കുറവുവരുത്താൻ ദയവുണ്ടാകുമോ;

(സി) മേൽപറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചേ വായ്പ നൽകുകയുള്ളോ; അങ്ങിനെയാണെങ്കിൽ ഭൂമി സ്വന്തമായില്ലാത്ത കൃഷിക്കാർക്കും, ചെറുകിട കൃഷിക്കാർക്കും കാർഷികവായ്പകൾ കൊണ്ടുള്ള പ്രയോജനം കിട്ടുകയില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിളവുജാമ്യത്തിൽ വായ്പകൾ നൽകാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ജി. എം. എഫ്. വായ്പയെ സംബന്ധിച്ചിടത്തോളം ഈടുവസ്തുവിന്മേൽ മുൻ ബാദ്ധ്യതകൾ ഉണ്ടോ, ഇല്ലയോ എന്നു നിശ്ചയിക്കുന്നതിനു രജിസ്റ്റർ കച്ചേരിയിലെ ബാദ്ധ്യത സർട്ടിഫിക്കറും, മുൻപ്രമാണങ്ങളും ആവശ്യപ്പെടാറുണ്ട്. ബാദ്ധ്യത സർട്ടിഫിക്കറ് തഹസിൽദാർ തന്നെ നേരിട്ട് രജിസ്റ്റർ കച്ചേരിയിൽ നിന്നു വാങ്ങുകയും, മുൻപ്രമാണങ്ങൾ കക്ഷികൾ ഹാജരാക്കുകയും വേണമെന്നാണ് വ്യവസ്ഥ. ബാദ്ധ്യതകൾ നിശ്ചയിക്കുന്നതിനു രണ്ടും അത്യന്താപേക്ഷിതമാകയാൽ ഇതു സംബന്ധിച്ച് നിലവിലിരിക്കുന്ന വ്യവസ്ഥയിൽ അയവു വരുത്തുവാൻ മാർഗ്ഗം കാണുന്നില്ല.

(ബി) അപേക്ഷയിന്മേൽ സ്റ്റാമ്പുകൾ ഒട്ടിക്കണമെന്ന് വ്യവസ്ഥയില്ല. എന്നാൽ അപേക്ഷ സംഖ്യയുടെ രണ്ടര ശതമാനം വരുന്ന തുക അപേക്ഷഫീസായി ഖജനാവിൽ അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. വായ്പ സംബന്ധിച്ച പ്രാരംഭാന്വേഷണച്ചെലവിനു ആവശ്യമെന്നു കണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഫീസ് നിശ്ചയിച്ചിട്ടുള്ളതാണ്. മേലാൽ ജി. എം. എഫ്. വായ്പകൾക്ക് അപേക്ഷ സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. ആ സ്ഥിതിക്ക് അപേക്ഷ ഫീസിൽ കുറവുവരുത്തുന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) ജി. എം. എഫ്. വായ്പ കൊടുക്കുന്നതിന് മേൽ പറഞ്ഞ വ്യവസ്ഥകൾ അനപേക്ഷണീയമാണ്. ഭൂമി സ്വന്തമായില്ലാത്ത കൃഷിക്കാർക്കും, ചെറുകിടകൃഷിക്കാർക്കും കാർഷികവായ്പകൾകൊണ്ടുള്ള പ്രയോജനം ലഭിക്കാൻ മറ്റു മാർഗ്ഗം കൊടുക്കേണ്ടിവരും.

(ഡി) ജി. എം. എഫ്. വായ്പകൾക്കുള്ള അപേക്ഷകൾ ഇനി മേൽ സ്വീകരിക്കാത്ത സ്ഥിതിക്ക് ഇതിനെപ്പറ്റി ആലോചിക്കേണ്ടതായ ആവശ്യം കാണുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 7-3-56.

Colonisation and Housing.

67. [1] SHRI K. SATTANATHA KARAYALAR: Will the Minister for Local Self-Government be pleased to state :

(a) the amount expended by Government under
(i) Colonisation ;
(ii) Settlement ; and
(iii) Housing Schemes respectively during 1955-56 .

(b) how many houses were built and the taluks in which they were built during 1955-56 ; and

(c) what contribution if any has been received from the Central Government ?

Answer.

(a) (i) Nil.
(ii) Rs. 1,62,220-12-6.
(iii) Poor Housing, Rs. 2,65,096-6-9.
Subsidised Industrial Housing Scheme, Rs. 82,867-12-9.

(b) 213 houses under Housing Scheme and 50 under Subsidised Industrial Housing.

Poor Housing.

Kalkulam	42
Trivandrum	11
Quilon	38
Karunagappally	6
Shencottah	18
Changanassery	20
Kottayam	18
Cochin-Kanayannur taluk	60

LIBRARY ARCHIVES Kerala Legislative Assembly